# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 1434-ാം നമ്പർ ചോദ്യം
2011 ജൂലൈ 12-ാം തീയതി മറുപടി നൽകുന്നതിന്

**ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വി.പി.സജീന്ദ്രൻ | ബഹു. ധനകാര്യ വകുപ്പ് മന്ത്രി |

| | |
|---|---|
| (എ) ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം ഈ വർഷം ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും മെഡിക്കൽ കോളേജുകളിലും പരിശോധന നടത്തിയിട്ടുണ്ടോ എങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ക്രമക്കേടുകൾ കണ്ടെത്തി യിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ; | ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം ഈ വർഷം ജനുവരി മാസം കോഴിക്കോട് മെഡിക്കൽ കോളേജിലും ജൂൺ മാസം ആലപ്പുഴ ടി.ഡി.എം മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും പരിശോധന നടത്തിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതു പ്രകാരം ഉപയോഗശൂന്യമായ ഉപകരണങ്ങളും, മറ്റ് സാധനങ്ങളും പൊതു ലേലം/ദർഘാസ് മുഖാന്തിരമല്ലാതെ അർഹമായതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് കണ്ടം ചെയ്ത് വിറ്റത് മൂലം കോളജിന് 2,06,945 രൂപയുടെ നഷ്ടമുണ്ടായി. ആലപ്പുഴ ടി.ഡി.എം മെഡിക്കൽ കോളേജിലെ പരിശോധന പൂർത്തിയായിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പർച്ചേസ് സംബന്ധിച്ച പരിശോധനയിൽ ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയിട്ടില്ല. ധനകാര്യ പരിശോധനാ വിഭാഗം ഈ വർഷം ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ പരിശോധനകളൊന്നും നടത്തിയിട്ടില്ല. |
| (ബി) കണ്ടെത്തിയ ക്രമക്കേട് സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | കോഴിക്കോട് മെഡിക്കൽ കോളേജിൽ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് തുടർ നടപടികൾ കൈകൊള്ളുന്നതിനായി 10.3.2011 ൽ ഭരണ വകുപ്പായ ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. മറ്റ് രണ്ട് മെഡിക്കൽ കോളേജുകളിലും പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പൂർത്തിയായിട്ടില്ല. |

| | |
|---|---|
| (സി) കണ്ടെത്തിയ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; | ആരോഗ്യ വകുപ്പ് പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കുന്നതാണ്. |
| (ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**